**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3019 | 18.06.2018 ൽ മറുപടിക്ക്

**തോട്ടണ്ടിക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.സജി ചെറിയാൻ<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.എൻ. വിജയൻ പിള്ള | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ)<br>(ബി)<br>(സി)<br>(ഡി) | തോട്ടണ്ടി ഉല്പാദകരായ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കി സംഭരിക്കുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു. തോട്ടണ്ടി ഉല്പാദകരായ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും അതത് രാജ്യത്തെ ഭാഷയിൽ ടെന്റർ ഫ്ലോട്ട് ചെയ്ത് തോട്ടണ്ടി ഈ വർഷം തന്നെ സംഭരിക്കുന്നതിന് കേരള കാഷ്യൂ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപറേഷനും കാപെക്സും തങ്ങളുടെ ഫാക്ടറികളുടെ സംസ്കരണത്തിനാവശ്യമായ തോട്ടണ്ടി ഇ-ടെന്റർ മുഖാന്തിരം സംഭരിച്ചുവരുന്നു. ഇതിനു പുറമെ 2017 മുതൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫാമുകൾ, തോട്ടങ്ങൾ, സർക്കാർ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി വിലനിർണ്ണയ സമിതി നിശ്ചയിക്കുന്ന വിലയ്ക്ക് കശുവണ്ടി വികസന കോർപറേഷനും കാപെക്സും സംഭരിച്ചുവരുന്നു. കൂടാതെ ആഭ്യന്തരമായി ലഭ്യമായ തോട്ടണ്ടിയും ടെന്റർ മുഖാന്തിരം കോർപ്പറേഷനും കാപ്പക്സും ശേഖരിച്ച വരുന്നു.<br>ആഭ്യന്തരമായി കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് അത്യുല്പാദനശേഷിയുള്ള കശുമാവിനങ്ങൾ വിവിധവകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കൃഷിചെയ്യുന്നതിനാണ് ശ്രമിച്ചുവരുന്നത്. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്താൽ മാത്രമേ ഇക്കാര്യത്തിൽ നല്ല മുന്നേറ്റം ഉണ്ടാക്കാൻ കഴിയുകയുള്ളൂ. അക്കാര്യം സർക്കാർ പരിശോധിച്ച വരികയാണ്.<br>കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കു ന്നതിനുമായി ബഡ്ജറ്റിൽ തുകയും |
| (ബി) | തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ; | | |
| (സി) | കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പൊതു മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള തരിശുഭൂമികൾ കണ്ടെത്തി കശുമാവ് കൃഷി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; | | |
| (ഡി) | കേരള സംസ്ഥാന കശുമാവ് കൃഷിവികസന ഏജൻസി ഇതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | | |

| | | | |
|---|---|---|---|
| | | | വകയിരുത്തിവരുന്നു. കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന ചുവടെ ചേർക്കുന്ന പദ്ധതികൾ കെ.എസ്.എ.സി.സി. നടപ്പാക്കിവരുന്നു. പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1.കശുമാവ് പുതു കൃഷി - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ ധന സഹായം എന്നിവ നൽകുന്നു.<br>2.കശുമാവ് തോട്ടം നിർമ്മാണം - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജ്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു. കേരളത്തിൽ തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളിൽ ഗുണനിലവാരമുള്ള കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.എ.സി.സി. മുഖാന്തിരവും എടുത്തുവരികയാണ്. |
| (ഇ) | കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിച്ച് കാപ്പക്സിനും കാഷ്യൂ കോർപ്പറേഷനും ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; | (ഇ) | ആരംഭിച്ചിട്ടുണ്ട്.<br>2017 മുതൽ കേരളത്തിൽനിന്നുള്ള തോട്ടണ്ടി സർക്കാർ സംഭരിച്ചുവരുന്നു. 2017 ൽ കോർപ്പറേഷനും കാപ്പെക്സും 2781.466 MT തോട്ടണ്ടിയും 2018 ൽ ഇതുവരെ 5585.288 MT തോട്ടണ്ടിയും ശേഖരിച്ചിട്ടുണ്ട്. പൊതുമേഖലയിൽ കൃഷിവകുപ്പിന്റെ കീഴിലുള്ള പ്ലാന്റേഷൻ കോർപറേഷന്റെ കീഴിലുള്ള തോട്ടങ്ങളിലെ മുഴുവൻ തോട്ടണ്ടിയും കോർപ്പറേഷനും കാപ്പക്സിനും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന് പുറത്ത് കശുമാവ് കൃഷി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (എഫ്) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ